# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1029** **21/03/2013-ൽ മറുപടിക്ക്**

## സമഗ്ര വിദ്യാഭ്യാസ പദ്ധതി പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഏതെല്ലാം അസംബ്ളി മണ്ഡലങ്ങളിൽ ആണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്നത് ; | (എ) കൊടുങ്ങല്ലൂർ, പൊന്നാനി, പറവൂർ, അഴീക്കോട്, ഒറ്റപ്പാലം, നിലമ്പൂർ, കയ്പമംഗലം, തിരൂരങ്ങാടി, ചെങ്ങന്നൂർ, വടക്കാഞ്ചേരി, വേങ്ങര, കൽപ്പറ്റ, വണ്ടൂർ, അടൂർ, ഹരിപ്പാട്, തളിപ്പറമ്പ്, കാസറഗോഡ്, തൃത്താല, കോങ്ങാട്, കളമശ്ശേരി, കൊയിലാണ്ടി, കാഞ്ഞിരപ്പള്ളി, കോഴിക്കോട് നോർത്ത്, കൊടുവള്ളി, തിരൂർ, പത്തനാപുരം, അരൂർ, മൂവാറ്റുപുഴ, ചേലക്കര, ആലുവ, കൂത്തുപറമ്പ്, മഞ്ചേശ്വരം, നെന്മാറ, തിരുവമ്പാടി, വട്ടിയൂർക്കാവ്, കൊണ്ടോട്ടി, കോഴിക്കോട് സൗത്ത്, ചിറയിൻകീഴ്, മലപ്പുറം, തൊടുപുഴ, എലത്തൂർ, വർക്കല, ചാത്തന്നൂർ എന്നീ നിയോജക മണ്ഡലങ്ങളിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസിയായി ആരെയാണ് നിശ്ചയിച്ചിട്ടുള്ളത് ; പ്രസ്തുത ഏജൻസി ഏതെല്ലാം രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാരിനെ സഹായിക്കുന്നു എന്ന് വ്യക്തമാക്കുമോ ; | (ബി) സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ നോഡൽ ഏജൻസി ആയി ആരെയും നിശ്ചയിച്ചിട്ടില്ല. സംസ്ഥാനതലത്തിൽ ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനും അതാതു നിയോജക മണ്ഡലം എം.എൽ.എ. വൈസ് ചെയർമാനും പൊതുവിദ്യാഭ്യാസ സെക്രട്ടറി ജനറൽ കൺവീനറും പൊതു വിദ്യാഭ്യാസ ഡയറക്ടർ കൺവീനറും സീമാറ്റ്-കേരള ഡയറക്ടർ ജോയിന്റ് കൺവീനറുമായ കമ്മിറ്റിയാണ് ഇതിന് നേതൃത്വം നൽകുന്നത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് നാളിതുവരെ നടത്തിയതെന്ന് വിശദീകരിക്കാമോ ; | (സി) | മണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ പ്രോജക്റ്റ് പ്രൊപ്പോസൽ തയ്യാറാക്കി. ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർക്കും ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാർക്കും മാനേജ്മെന്റ് പരിശീലനം നൽകി. |
| (ഡി) | വരും വർഷങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ ; | (ഡി) | കേരള സർക്കാർ അസംബ്ലി നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതി പ്രകാരം പൊതു വിദ്യാഭ്യാസ മേഖലയിൽ 1-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ പഠനത്തിൽ ഗുണപരമായ മേന്മ വരുത്തുക എന്നതാണ് ലക്ഷ്യമിടുന്നത്. കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിലേയ്ക്കായി കുട്ടികളുടെ ഭൗതികവും അക്കാദമിക പരവുമായ ആവശ്യങ്ങൾ പഠനത്തിലൂടെ കണ്ടെത്തി അതാത് നിയോജക മണ്ഡലങ്ങളിലെ വിദ്യാഭ്യാസ ഓഫീസർമാരുടെ സഹായത്തോടുകൂടി പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി, അതനുസരിച്ചുള്ള പ്രവർത്തനമാണ് ഓരോ നിയോജകമണ്ഡലങ്ങളിലും നടന്നു വരുന്നത്. |
| (ഇ) | സമഗ്രവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിയതിലൂടെ എന്തെല്ലാം ഗുണപരമായ മാറ്റങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞു എന്ന് ഉദാഹരണസഹിതം വിശദീകരിക്കാമോ ? | (ഇ) | സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിയതിലൂടെ ഗുണപരമായ മാറ്റങ്ങൾ കൈവരിക്കുവാൻ സാധിച്ചു.<br>ഉദാ: പറവൂർ, കൊടുങ്ങല്ലൂർ എന്നീ നിയോജക മണ്ഡലങ്ങളിൽ എല്ലാ സ്കൂളുകളിലും അടുക്കള നവീകരണം, ടോയ്‌ലെറ്റ് നിർമ്മാണം എന്നിവ പൂർത്തിയായി വരുന്നു. |

Sreedevi

സെക്ഷൻ ഓഫീസർ